ഐസിഡിഎസ് ബി3/6701/22

വനിത ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
ഫോൺ 0471-2346508
ഈ മെയിൽ-directorate.wcd@kerala.gov.in
തീയതി : 26.07.2022

## പരിപത്രം

വിഷയം : വനിത ശിശു വികസന വകുപ്പ് - ഐ.സി.ഡി.എസ്-**അങ്കണവാടികളിൽ പാൽ, മുട്ട വിതരണം**-പദ്ധതി നടപ്പിലാക്കുന്നതിനുളള നിർദ്ദേശങ്ങൾ സംബന്ധിച്ച്:-

സൂചന :
1. സർക്കാരിന്റെ 30.05.2022 ലെ സ.ഉ (സാധാ)നം.288/2022/വ.ശി.വി.വ നമ്പർ ഉത്തരവ്.
2. സർക്കാരിന്റെ 30.05.2022 ലെ സ.ഉ (സാധാ)നം.289/2022/വ.ശി.വി.വ നമ്പർ ഉത്തരവ്
3. ഈ കാര്യാലയത്തിലെ 20.05.2022 തീയതിയിലെ DWCD/1048/2022/ICDS B3 നമ്പർ സർക്കുലർ
4. ഈ കാര്യാലയത്തിലെ 21.05.2022 തീയതിയിലെ DWCD/1047/2022/ICDS B3 നമ്പർ സർക്കുലർ
5. വനിത ശിശു വികസന ഡയറക്ടറുടെ 19.07.2022 ലെ ഐസിഡിഎസ് ബി3/1047/2022, ഐസിഡിഎസ് ബി3/1048/2022 നമ്പർ ഉത്തരവുകൾ
6. ഈ കാര്യാലയത്തിലെ 21.07.2022 ലെ ഐസിഡിഎസ് ബി3/3910/2021 നമ്പർ സർക്കുലർ

വനിത ശിശുവികസന വകുപ്പിൻകീഴിൽ അങ്കണവാടികളിലെ പ്രീസ്കൂൾ കുട്ടികളുടെ പോഷകാഹാര നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ആഴ്ചയിൽ 2 ദിവസം മുട്ടയും, രണ്ട് ദിവസം പാലും അങ്കണവാടി മെനുവിൽ ഉൾപെടുത്തുന്ന നൂതന പദ്ധതിയ്ക്കായി സംസ്ഥാന സർക്കാർ 61 കോടി 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം 2022 ആഗസ്റ്റ് 1 തിങ്കളാഴ്ച ഉച്ചയ്ക്ക് 12.00 മണിക്ക് തിരുവനന്തപുരം DPI ജംഗ്ഷനിലെ ജവഹർ സഹകരണ ഭവനിലെ മെയിൻ ഹാളിൽ വച്ച് ബഹു: കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവഹിക്കുന്നു.ടി പദ്ധതി അങ്കണവാടികളിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. അങ്കണവാടികളിൽ പാലും മുട്ടയും വിതരണം ചെയ്യുന്ന പദ്ധതി 01.08.2022 ന് ആരംഭിക്കുന്നതിനാൽ, അന്നേ ദിവസം മുതൽ സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികളിലും പാലും മുട്ടയും നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
2. ടെൻഡർ/ക്വട്ടേഷൻ നടപടികൾ പൂർത്തീകരിച്ച സെക്ടറുകളിൽ അടിയന്തിരമായി സപ്ലൈ ഓർഡർ നൽകി, 01.08.2022 മുതൽ പാൽ,മുട്ട വിതരണം ആരംഭിക്കേണ്ടതാണ്.
3. ഇനിയും ടെൻഡർ/ക്വട്ടേഷൻ നടപടികൾ പൂർത്തീകരിക്കാത്ത സെക്ടറുകളിൽ മിനി സെക്ടറുകൾ (അഞ്ചോ അതിൽ കൂടുതലോ അങ്കണവാടി) രൂപീകരിച്ച് ടെൻഡർ/ക്വട്ടേഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. 01.08.2022 ന് പദ്ധതി സംസ്ഥാന വ്യാപകമായി ആരംഭിക്കേണ്ടതിനാൽ നിശ്ചിത സമയത്തിനുള്ളിൽ tender/quotation പൂർത്തീകരിച്ച് വാങ്ങൽ നടപടി ആരംഭിക്കാൻ കഴിയാത്ത സ്ഥലങ്ങളിൽ താൽകാലിക ക്രമീകരണം എന്ന നിലയിൽ സൂപ്പർവൈസറുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ അങ്കണവാടി വർക്കർമാർ പാൽ,മുട്ട എന്നിവ പ്രാദേശികമായി വാങ്ങേണ്ടതാണ്. ഇത്തരത്തിൽ വാങ്ങുന്ന സാധനങ്ങളുടെ ബില്ല്/വൗച്ചറുകൾ സൂപ്പർവൈസറുടെ ശിപാർശയിന്മേൽ ശിശുവികസന പദ്ധതി ഓഫീസർമാർ മാറി നൽകേണ്ടതാണ്. അതോടൊപ്പം അടിയന്തിരമായി tender/quotation നടപടികൾ പൂർത്തിയാക്കി കാലതാമസം കൂടാതെ സപ്ലൈയറെ കണ്ടെത്തേണ്ടതുമാണ്.
5. ട്രാൻസ്പോർട്ടേഷൻ ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള തുകയിൽ, അധികരിച്ച് വരുന്ന തുക വഹിക്കുന്നതിന് തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ തയ്യാറാകുന്ന പക്ഷം ആയതിനുള്ള ക്രമീകരണം ബന്ധപ്പെട്ട CDPO/സൂപ്പർവൈസർക്ക് സ്വീകരിക്കാവുന്നതാണ്

ARR/22

6. പദ്ധതിയുടെ ഉദ്ഘാടന ചടങ്ങ് അന്നേ ദിവസം 12.00 മണിക്ക് face book,you tube തുടങ്ങിയ സാമൂഹ്യ മാധ്യമങ്ങൾ വഴി സംപ്രേഷണം ചെയ്യുന്നത് എല്ലാവരും വീക്ഷിക്കേണ്ടതാണ്. ചടങ്ങിന് ശേഷം പാൽ,മുട്ട വിതരണം അങ്കണവാടികളിൽ നടത്തേണ്ടതാണ്.
7. അങ്കണവാടി തല ഉദ്ഘാടനം അന്നേ ദിവസം തന്നെ ALMSC യുടെ നേതൃത്വത്തിൽ ജന പ്രതിനിധികളേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളേയും പൊതുജനങ്ങളേയും ഉൾപ്പെടുത്തി സംഘടിപ്പിക്കേണ്ടതാണ്.
8. അങ്കണവാടി തല ഉദ്ഘാടനം സെക്ടർ തലത്തിൽ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല സൂപ്പർവൈസർ നിർവഹിക്കേണ്ടതാണ്.,അങ്കണവാടി തലത്തിൽ നടത്തുന്ന പരിപാടികളിലൊന്നിൽ ജില്ല വനിത ശിശുവികസന ഓഫീസർ, പ്രോഗ്രാം ഓഫീസർ, ശിശുവികസന പദ്ധതി ഓഫീസർ എന്നിവർ പങ്കെടുക്കേണ്ടതുമാണ്.
9. സൂചന (3) പ്രകാരമുള്ള നിർദ്ദേശത്തിലെ ക്രമനമ്പർ 23 പ്രകാരമുള്ള രജിസ്റ്ററിന്റെ മാതൃക ഉള്ളടക്കം ചെയ്യുന്നു. ആയത് കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

വനിത ശിശു വികസന ഡയറക്ടർക്ക് വേണ്ടി

എല്ലാ ശിശു വികസന പദ്ധതി ആഫീസർമാർക്കും
എല്ലാ സൂപ്പർവൈസർമാർക്കും
<u>പകർപ്പ്</u>

1. എല്ലാ ജില്ല വനിത ശിശു വികസന ഓഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ആഫീസർമാർക്കും
3. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
4. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉള്ളടക്കം:- 1.അങ്കണവാടി തല രജിസ്റ്റർ മാതൃക
2. സെക്ടർ തല രജിസ്റ്റർ മാതൃക
3. പ്രോജക്ക്റ്റ് തല രജിസ്റ്റർ മാതൃക

ARR/22

പ്രൊഫോമ -1

<u>അങ്കണവാടിതല രജിസ്റ്റർ (പാൽ[UHT/Milma/others], മുട്ട)</u>

അങ്കണവാടി സെന്റർ നം

അങ്കണവാടിയിൽ രജിസ്റ്റർ ചെയ്ത കുട്ടികളുടെ എണ്ണം ..............................................

മാസം .......................................   വർഷം .......................................

| ക്രമ നം | തീയതി | ഹാജരായ കുട്ടികളുടെ എണ്ണം | ലഭിച്ച പാൽ / മുട്ട | | ഉപയോഗിച്ച പാൽ / മുട്ട | | ബാക്കി | | അഭിപ്രായം |
|---|---|---|---|---|---|---|---|---|---|
| | | | പാൽ (litre/ml) | മുട്ട | പാൽ (litre/ml | മുട്ട | പാൽ (litre/ml | മുട്ട | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| ആകെ | | | | | | | | | |

രജിസ്റ്റർ പരിശോധിച്ച് ബോധ്യപ്പെട്ടു
(തീയതി അടക്കമുള്ള ഒപ്പ്)
സൂപ്പർവൈസർ,
സെക്ടർ
ICDS ന്റെ പേര്

(തീയതി അടക്കമുള്ള ഒപ്പ്)
അങ്കണവാടി വർക്കറുടെ പേര്
സെക്ടർ

പ്രൊഫോമ - 2

## സെക്ടർ തല രജിസ്റ്റർ (പാൽ / മുട്ട)

മാസം ................................ വർഷം ......................

അങ്കണവാടികളുടെ എണ്ണം:..................

സെക്ടറിൽ മൊത്തം അങ്കണവാടികളിൽ രജിസ്റ്റർ ചെയ്ത ആകെ കുട്ടികളുടെ എണ്ണം ................................

| ക്രമ നം | അങ്കണവാടി സെന്റർ നം. | ഹാജരായ കുട്ടികളുടെ ആകെ എണ്ണം | ലഭിച്ച പാൽ / മുട്ട | | ഉപയോഗിച്ച പാൽ / മുട്ട | | ബിൽ തുക | | അഭിപ്രായം [UHT/Milma/others] |
|---|---|---|---|---|---|---|---|---|---|
| | | | പാൽ | മുട്ട | പാൽ | മുട്ട | പാൽ | മുട്ട | |
| | | | | | | | | | |
| ആകെ | | | | | | | | | |

(ഒപ്പ്)
സൂപ്പർവൈസർ,
സെക്ടർ
ICDS ന്റെ പേര്

രജിസ്റ്റർ പരിശോധിച്ച് ബോധ്യപ്പെട്ടു
(ഒപ്പ്)
ശിശു വികസന പദ്ധതി ഓഫീസർ
ICDS ന്റെ പേര്

പ്രൊഫോമ – 3

## പ്രോജക്റ്റ് തല രജിസ്റ്റർ(Milk)

(ബിൽ അടിസ്ഥാനത്തിൽ)

പ്രോജക്റ്റിന്റെ പേര്: മാസം:

| ക്രം നമ്പർ | സെക്റ്ററിന്റെ പേര് | അങ്കണവാടികളുടെ എണ്ണം | കുട്ടികളുടെ എണ്ണം | ലഭിച്ച പാൽ | തുക | | സൂപ്പർവൈസറുടെ ഒപ്പ് | റിമാർക്ക്സ് [Milma/UHT/others} |
|---|---|---|---|---|---|---|---|---|
| | | | | | പാൽ | മുട്ട | | |
| | | | | | | | | |
| | | | | | | | | |
| ആകെ | | | | | | | | |

സ്ഥലം:

തിയതി:

(ഒപ്പ്)
ശിശു വികസന പദ്ധതി ഓഫീസർ
പേര്